ഭാരത സർക്കാർ

നിയമ മന്ത്രാലയം

सत्यमेव जयते

# കുടുംബകോടതി ആക്റ്റ്, 1984

(1984-ലെ 66-ാം നമ്പർ ആക്റ്റ്)

(1998 ഡിസംബർ 21-ാം തീയതി നിലവിലിരുന്ന പ്രകാരം)

# The Family Courts Act, 1984

(Act No. 66 of 1984)

(As on 21st December, 1998)

വില : ₹ 18

©

യൂണിയൻ സർക്കാരിനുവേണ്ടി കേരള സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ട് തിരുവനന്തപുരം
സർക്കാർ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിക്കുന്നത്

2011

## ആമുഖം

1998 ഡിസംബർ 21-ാം തീയതി നിലവിലിരുന്ന പ്രകാരമുള്ള 1984-ലെ കുടുംബകോടതി ആക്റ്റ് (1984-ലെ 66-ാം നമ്പർ ആക്റ്റ്)-ന്റെ മലയാളത്തിലുള്ള ആധികാരിക പാഠം ഈ പതിപ്പിൽ അടങ്ങിയിരിക്കുന്നു. 2011 ജൂൺ 14-ാം തീയതിയിലെ ഭാരത അസാധാരണ ഗസറ്റ് XI-ാം ഭാഗം, 1-ാം വകുപ്പ്, I-ാം വാല്യം, 4-ാം നമ്പരായി 1 മുതൽ 11 വരെയുള്ള പുറങ്ങളിൽ ഇത് പ്രസിദ്ധീകരിച്ചിരിക്കുന്നു.

ഈ ആധികാരികപരിഭാഷ ആധികാരികപാഠങ്ങൾ (കേന്ദ്രനിയമങ്ങൾ) ആക്റ്റ്, 1973-ന്റെ 2-ാം വകുപ്പ് (ക) ഖണ്ഡം അനുസരിച്ച് ഭാരതത്തിന്റെ രാഷ്ട്രപതി അധികാരപ്പെടുത്തിയ പ്രകാരം പ്രസിദ്ധീകരിക്കുകയും അപ്രകാരം പ്രസിദ്ധീകരിച്ചതിന്മേൽ അത് ആ ആക്റ്റിന്റെ മലയാളത്തിലെ ആധികാരിക പാഠമായിത്തീരുകയും ചെയ്തു.

ഡോ. രഘ്ബീർ സിങ്,

*ഭാരതസർക്കാരിന്റെ സെക്രട്ടറി.*

## PREFACE

This edition of the Family Courts Act, 1984 (Act No. 66 of 1984) as on 21st December, 1998 contains the authoritative text of that Act in Malayalam which was published in the Gazette of India Extraordinary Part XI, Section 1, Vol. I, No. 4 dated 14th June, 2011 on pages 1 to 11.

This authorised translation was published under the authority of the President of India under clause (a) of section 2 of the Authoritative Texts (Central Laws) Act, 1973 and on such publication it became the authoritative text of that Act in Malayalam.

DR. RAGHBIR SINGH,

*Secretary to the Government of India.*

GCPT. 3/3691/2011/DTP.

# കുടുംബകോടതി ആക്റ്റ്, 1984

(1984-ലെ 66-ാം നമ്പർ കേന്ദ്ര ആക്റ്റ്)

## ഉള്ളടക്കം


| വകുപ്പുകൾ | | പേജ് |
|---|---|---|
| 1. | ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും | 1 |
| 2. | നിർവ്വചനങ്ങൾ | 1 |
| 3. | കുടുംബകോടതികൾ സ്ഥാപിക്കൽ | 2 |
| 4. | ജഡ്ജിമാരുടെ നിയമനം | 2 |
| 5. | സാമൂഹ്യക്ഷേമ ഏജൻസികൾ മുതലായവയെ കൂട്ടുചേർക്കൽ | 3 |
| 6. | കുടുംബകോടതികളിലെ ഉപദേഷ്ടാക്കളും ഓഫീസർമാരും മറ്റു ജീവനക്കാരും | 4 |
| 7. | അധികാരിത | 4 |
| 8. | അധികാരിത ഒഴിവാക്കലും നിലവിലിരിക്കുന്ന നടപടികളും | 5 |
| 9. | ഒത്തുതീർപ്പിനുവേണ്ടി യത്നിക്കാൻ കുടുംബകോടതിക്കുള്ള ചുമതല | 6 |
| 10. | നടപടിക്രമം സാമാന്യമായി | 6 |
| 11. | നടപടികൾ സ്വകാര്യമായി നടത്തണമെന്ന് | 6 |
| 12. | ചികിൽസാവിദഗ്ദ്ധരുടെയും ക്ഷേമവിദഗ്ദ്ധരുടെയും സഹായം | 7 |
| 13. | നിയമപരമായ പ്രതിനിധാനത്തിനുള്ള അവകാശം | 7 |
| 14. | ഇന്ത്യൻ തെളിവ് ആക്റ്റ്, 1872-ന്റെ ബാധകത | 7 |
| 15. | വാക്കാൽ തെളിവ് രേഖപ്പെടുത്തുന്നത് | 7 |
| 16. | സത്യവാങ്മൂലമായി ഔപചാരിക സ്വഭാവമുള്ള തെളിവ് | 7 |
| 17. | വിധിന്യായം | 7 |
| 18. | വിധിയുടെയും ഉത്തരവുകളുടെയും നടപ്പാക്കൽ | 8 |
| 19. | അപ്പീൽ | 8 |
| 20. | ആക്റ്റിന് അധിക പ്രഭാവമുണ്ടായിരിക്കുന്നതാണ് | 9 |
| 21. | ചട്ടങ്ങളുണ്ടാക്കുവാൻ ഹൈക്കോടതിക്കുള്ള അധികാരം | 9 |
| 22. | ചട്ടങ്ങളുണ്ടാക്കുവാൻ കേന്ദ്രസർക്കാരിനുള്ള അധികാരം | 9 |
| 23. | ചട്ടങ്ങളുണ്ടാക്കുവാൻ സംസ്ഥാന സർക്കാരിനുള്ള അധികാരം | 10 |

# കുടുംബകോടതി ആക്റ്റ്, 1984

(1984-ലെ 66-ാം നമ്പർ കേന്ദ്ര ആക്റ്റ്)

[1984 സെപ്റ്റംബർ, 14]

വിവാഹവും കുടുംബ കാര്യങ്ങളും സംബന്ധിച്ച തർക്കങ്ങളുടെ അനുരഞ്ജനം പ്രോൽസാഹിപ്പിക്കുകയും അവ വേഗത്തിൽ ഒത്തുതീർപ്പാക്കുകയും ചെയ്യുക എന്ന ഉദ്ദേശ്യത്തോടുകൂടി കുടുംബകോടതികൾ സ്ഥാപിക്കുന്നതിനും അവയുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കും വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ആക്റ്റ്

ഭാരത റിപ്പബ്ലിക്കിന്റെ മുപ്പത്തിയഞ്ചാം സംവത്സരത്തിൽ പാർലമെന്റ് താഴെപ്പറയും പ്രകാരം അധിനിയമം ചെയ്തിരിക്കുന്നു:—

## അദ്ധ്യായം I

## പ്രാരംഭികം

ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും

1. (1) ഈ ആക്റ്റിന് കുടുംബകോടതി ആക്റ്റ്, 1984 എന്ന് പേര് പറയാവുന്നതാണ്.

(2) ഇതിന് ജമ്മു-കാശ്മീർ സംസ്ഥാനമൊഴികെ, ഭാരതം മുഴുവൻ വ്യാപ്തിയുണ്ടായിരിക്കുന്നതാണ്.

*(3) ഇത് കേന്ദ്രസർക്കാർ ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനംവഴി നിശ്ചയിക്കുന്ന തീയതിയിൽ പ്രാബല്യത്തിൽ വരുന്നതും വിവിധ സംസ്ഥാനങ്ങൾക്ക് വ്യത്യസ്ത തീയതികൾ നിശ്ചയിക്കാവുന്നതും ആണ്.

നിർവ്വചനങ്ങൾ

2. ഈ ആക്റ്റിൽ സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(ക) "ജഡ്ജി" എന്നാൽ ഒരു കുടുംബകോടതിയിലെ ജഡ്ജി അല്ലെങ്കിൽ, അതതു സംഗതിപോലെ, പ്രിൻസിപ്പൽ ജഡ്ജി, അഡീഷണൽ പ്രിൻസിപ്പൽ ജഡ്ജി അല്ലെങ്കിൽ മറ്റു ജഡ്ജി എന്നർത്ഥമാകുന്നു;

(ഖ) "വിജ്ഞാപനം" എന്നാൽ ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ വിജ്ഞാപനം എന്നർത്ഥമാകുന്നു;

(ഗ) "നിർണ്ണയിക്കപ്പെടാവുന്ന" എന്നാൽ ഈ ആക്റ്റിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെടാവുന്ന എന്നർത്ഥമാകുന്നു;

(ഘ) "കുടുംബകോടതി" എന്നാൽ 3-ാം വകുപ്പിൻ കീഴിൽ സ്ഥാപിക്കപ്പെടുന്ന ഒരു കുടുംബകോടതി എന്നർത്ഥമാകുന്നു;

(ങ) ഈ ആക്റ്റിൽ ഉപയോഗിക്കുകയും എന്നാൽ നിർവ്വചിക്കാതിരിക്കുകയും ചെയ്യുന്നതും, സിവിൽ നടപടി നിയമസംഹിത, 1908 (1908-ലെ 5)-ൽ നിർവ്വചിച്ചിട്ടുള്ളതുമായ മറ്റെല്ലാ വാക്കുകൾക്കും പദപ്രയോഗങ്ങൾക്കും ആ നിയമസംഹിതയിൽ അവയ്ക്ക് യഥാക്രമം നൽകിയിട്ടുള്ള അർത്ഥങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

---

*പ്രാബല്യത്തിൽ വന്നത്:

കേരളം—21-10-1989-ൽ, 17-10-1989-ലെ 79/5/86-ന്യായം എന്ന നമ്പർ ഭാരത സർക്കാർ വിജ്ഞാപനം നോക്കുക.

GCPT. 3/3691/2012/DTP.

അദ്ധ്യായം II

## കുടുംബകോടതികൾ

*കുടുംബകോടതികൾ സ്ഥാപിക്കൽ*

3. (1) ഈ ആക്റ്റിനാൽ ഒരു കുടുംബകോടതിക്ക് നൽകപ്പെട്ടിട്ടുള്ള അധികാരിതയും അധികാരങ്ങളും പ്രയോഗിക്കുന്ന ആവശ്യത്തിന് ഹൈക്കോടതിയുമായി ആലോചിച്ചശേഷം വിജ്ഞാപനംവഴി,—

(ക) സംസ്ഥാനസർക്കാർ, ഈ ആക്റ്റിന്റെ പ്രാരംഭത്തിനുശേഷം കഴിയുന്നത്ര വേഗം സംസ്ഥാനത്ത് പത്ത് ലക്ഷത്തിൽ കൂടുതൽ ജനസംഖ്യയുള്ള ഒരു നഗരമോ പട്ടണമോ ഉൾക്കൊള്ളുന്ന ഓരോ പ്രദേശത്തിനും ഒരു കുടുംബകോടതി സ്ഥാപിക്കേണ്ടതും;

(ഖ) ആവശ്യമാണെന്നു കരുതുന്ന സംസ്ഥാനത്തെ മറ്റ് പ്രദേശങ്ങൾക്ക് കുടുംബകോടതികൾ സംസ്ഥാന സർക്കാരിന് സ്ഥാപിക്കാവുന്നതുമാണ്.

(2) സംസ്ഥാനസർക്കാർ, ഹൈക്കോടതിയുമായി ആലോചിച്ചശേഷം, വിജ്ഞാപനംവഴി, ഒരു കുടുംബകോടതിയുടെ അധികാരിത വ്യാപിക്കുന്ന പ്രദേശത്തിന്റെ തദ്ദേശാതിർത്തികൾ വിനിർദ്ദേശിക്കേണ്ടതും ഏതു സമയവും പ്രസ്തുത അധികാരാതിർത്തികൾ വിസ്തൃതമാക്കുകയോ ചുരുക്കുകയോ വ്യത്യാസപ്പെടുത്തുകയോ ചെയ്യാവുന്നതുമാകുന്നു.

*ജഡ്ജിമാരുടെ നിയമനം*

4. (1) സംസ്ഥാന സർക്കാരിന് ഹൈക്കോടതിയുടെ യോജിപ്പോടുകൂടി ഒരാളെയോ അതിലധികം ആളുകളെയോ ഒരു കുടുംബകോടതിയുടെ ജഡ്ജിയോ ജഡ്ജിമാരോ ആയി നിയമിക്കാവുന്നതാണ്.

(2) ഒരു കുടുംബകോടതിയിൽ ഒന്നിൽ കൂടുതൽ ജഡ്ജിമാരുണ്ടായിരിക്കുമ്പോൾ,—

(ക) ഈ ആക്റ്റിനാലോ തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്താലോ കോടതിക്ക് നല്കപ്പെടുന്ന അധികാരങ്ങളിൽ, എല്ലാമോ ഏതെങ്കിലുമോ ആ ജഡ്ജിമാരിൽ ഓരോരുത്തർക്കും പ്രയോഗിക്കാവുന്നതാണ്;

(ഖ) സംസ്ഥാന സർക്കാരിന്, ഹൈക്കോടതിയുടെ യോജിപ്പോടുകൂടി, ആ ജഡ്ജിമാരിൽ ആരെയെങ്കിലും പ്രിൻസിപ്പൽ ജഡ്ജിയായും മറ്റ് ഏതെങ്കിലും ജഡ്ജിയെ അഡീഷണൽ പ്രിൻസിപ്പൽ ജഡ്ജിയായും നിയമിക്കാവുന്നതാണ്;

(ഗ) പ്രിൻസിപ്പൽ ജഡ്ജിക്ക് കോടതിയിലെ വിവിധ ജഡ്ജിമാർക്കിടയിൽ അതിന്റെ കാര്യങ്ങൾ വീതിച്ചുകൊടുക്കുന്നതിന് അദ്ദേഹം യുക്തമെന്ന് കരുതുന്ന ഏർപ്പാടുകൾ അപ്പോഴപ്പോൾ ചെയ്യാവുന്നതാണ്;

(ഘ) പ്രിൻസിപ്പൽ ജഡ്ജിയുടെ സ്ഥാനം ഒഴിഞ്ഞുകിടക്കുന്ന സംഗതിയിലോ, തന്റെ അസാന്നിദ്ധ്യമോ രോഗമോ മറ്റേതെങ്കിലും കാരണത്താലോ പ്രിൻസിപ്പൽ ജഡ്ജിക്ക്, തന്റെ ചുമതലകൾ നിർവ്വഹിക്കുവാൻ കഴിയാത്തപ്പോഴോ, അഡീഷണൽ പ്രിൻസിപ്പൽ ജഡ്ജിക്ക് പ്രിൻസിപ്പൽ ജഡ്ജിയുടെ അധികാരങ്ങൾ പ്രയോഗിക്കാവുന്നതാണ്.

(3) (ക) കുറഞ്ഞത് ഏഴുവർഷം ഭാരതത്തിൽ ഒരു ന്യായാധിപന്റെ ഉദ്യോഗമോ ഒരു ട്രിബ്യൂണൽ അംഗത്തിന്റെ ഉദ്യോഗമോ യൂണിയന്റെയോ ഏതെങ്കിലും സംസ്ഥാനത്തിന്റെയോ കീഴിൽ, നിയമത്തിൽ പ്രത്യേക പരിജ്ഞാനം ആവശ്യമുള്ള ഏതെങ്കിലും ഉദ്യോഗമോ വഹിച്ചിരിക്കുകയോ; അല്ലെങ്കിൽ

(ഖ) കുറഞ്ഞത് ഏഴുവർഷം ഒരു ഹൈക്കോടതിയിലോ രണ്ടോ അതിലധികമോ അങ്ങനെയുള്ള കോടതികളിലോ തുടർച്ചയായി അഭിഭാഷകനായിരിക്കുകയോ; അല്ലെങ്കിൽ

(ഗ) ഭാരതത്തിന്റെ ചീഫ് ജസ്റ്റിസിന്റെ യോജിപ്പോടുകൂടി, കേന്ദ്രസർക്കാർ നിർണ്ണയിക്കുന്ന മറ്റ് യോഗ്യതകൾ ഉണ്ടായിരിക്കുകയോ, ചെയ്യാത്തപക്ഷം യാതൊരാളും ഒരു ജഡ്ജിയായി നിയമിക്കപ്പെടുവാൻ യോഗ്യനായിരിക്കുന്നതല്ല.

(4) ജഡ്ജിമാരായി നിയമിക്കുന്നതിന് ആളുകളെ തെരഞ്ഞെടുക്കുന്നതിൽ,—

(ക) വിവാഹമെന്ന സംവിധാനത്തെ സംരക്ഷിക്കുകയും നിലനിർത്തുകയും ചെയ്യുന്നതിന്റെയും കുട്ടികളുടെ ക്ഷേമം അഭിവൃദ്ധിപ്പെടുത്തുന്നതിന്റെയും ആവശ്യകതയോട് പ്രതിബദ്ധതയും, തങ്ങളുടെ പരിചയവും വൈദഗ്ദ്ധ്യവും നിമിത്തം, തർക്കങ്ങൾ അനുരഞ്ജനവും ഉപദേശവുംവഴി ഒത്തുതീർപ്പാക്കാൻ യോഗ്യതയുള്ള ആളുകൾ തെരഞ്ഞെടുക്കപ്പെടുന്നത് ഉറപ്പുവരുത്തുന്നതിലേക്ക് എല്ലാ പരിശ്രമവും നടത്തേണ്ടതും;

(ഖ) സ്ത്രീകൾക്ക് മുൻഗണന നൽകേണ്ടതും,

ആകുന്നു.

(5) യാതൊരാളും, അയാൾക്ക് അറുപത്തിരണ്ട് വയസ് തികഞ്ഞശേഷം, ഒരു കുടുംബകോടതിയുടെ ജഡ്ജിയായി നിയമിക്കപ്പെടുകയോ ജഡ്ജിയായി ഉദ്യോഗം വഹിക്കുകയോ ചെയ്യുവാൻ പാടുള്ളതല്ല.

(6) ഒരു ജഡ്ജിക്ക് നൽകേണ്ട ശമ്പളവും അല്ലെങ്കിൽ ഓണറേറിയവും മറ്റ് ബത്തകളും സേവനം സംബന്ധിച്ച ഇതര നിബന്ധനകളും വ്യവസ്ഥകളും ഹൈക്കോടതിയുമായി ആലോചിച്ച്, സംസ്ഥാന സർക്കാർ നിർണ്ണയിക്കാവുന്ന പ്രകാരമായിരിക്കുന്നതാണ്.

*സാമൂഹ്യക്ഷേമ ഏജൻസികൾ മുതലായവയെ കൂട്ടുചേർക്കൽ*

5. സംസ്ഥാന സർക്കാരിന്, ഹൈക്കോടതിയുമായി ആലോചിച്ച്, ചട്ടങ്ങൾവഴി,—

(ക) സാമൂഹ്യക്ഷേമത്തിൽ ഏർപ്പെട്ടിരിക്കുന്ന സ്ഥാപനങ്ങൾ, സംഘടനകൾ അല്ലെങ്കിൽ അവയുടെ പ്രതിനിധികൾ;

(ഖ) കുടുംബക്ഷേമം അഭിവൃദ്ധിപ്പെടുത്തുന്ന തൊഴിലിലേർപ്പെട്ടിരിക്കുന്ന ആളുകൾ;

(ഗ) സാമൂഹ്യക്ഷേമ രംഗത്ത് പ്രവർത്തിക്കുന്ന ആളുകൾ,

(ഘ) ഒരു കുടുംബകോടതിയുമായുള്ള ആരുടെ സഹകരണമാണോ അതിന്റെ അധികാരിത ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്ക് അനുസൃതമായി കൂടുതൽ ഫലപ്രദമായി പ്രയോഗിക്കുന്നതിന് അതിനെ കഴിവുള്ളതാക്കി തീർക്കുന്നത് അങ്ങനെയുള്ള മറ്റ് ഏതെങ്കിലും ആൾ,

എന്നിവരെ ഒരു കുടുംബ കോടതിയുമായി ആ ചട്ടങ്ങളിൽ വിനിർദ്ദേശിക്കാവുന്ന രീതിയിലും ആവശ്യങ്ങൾക്കും അതിലെ നിബന്ധനകൾക്ക് വിധേയമായും കൂട്ടുചേർക്കുന്നതിന് വ്യവസ്ഥ ചെയ്യാവുന്നതാണ്.

കുടുംബകോടതികളിലെ ഉപദേഷ്ടാക്കളും ഓഫീസർമാരും മറ്റു ജീവനക്കാരും

6. (1) ഹൈക്കോടതിയുമായി ആലോചിച്ചശേഷം സംസ്ഥാന സർക്കാർ കുടുംബ കോടതിയെ അതിന്റെ ചുമതലകളുടെ നിർവ്വഹണത്തിൽ സഹായിക്കുന്നതിനാവശ്യമായ ഉപദേഷ്ടാക്കളുടെയും, ഓഫീസർമാരുടെയും മറ്റു ജീവനക്കാരുടെയും എണ്ണവും വിഭാഗങ്ങളും നിശ്ചയിക്കേണ്ടതും, സംസ്ഥാന സർക്കാർ യുക്തമെന്നു കരുതുന്ന അങ്ങനെയുള്ള ഉപദേഷ്ടാക്കളെയും ഓഫീസർമാരെയും മറ്റു ജീവനക്കാരെയും കുടുംബകോടതിക്ക് ലഭ്യമാക്കേണ്ടതുമാണ്.

(2) ഉപദേഷ്ടാക്കളെ കൂട്ടുചേർക്കുന്നതിനുള്ള നിബന്ധനകളും വ്യവസ്ഥകളും (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള ഓഫീസർമാരുടെയും മറ്റു ജീവനക്കാരുടെയും സേവനം സംബന്ധിച്ച നിബന്ധനകളും വ്യവസ്ഥകളും സംസ്ഥാന സർക്കാർ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾമൂലം വിനിർദ്ദേശിക്കുന്ന പ്രകാരമായിരിക്കുന്നതാണ്.

## അദ്ധ്യായം III

## അധികാരിത

അധികാരിത

7. (1) ഈ ആക്റ്റിലെ മറ്റ് വ്യവസ്ഥകൾക്ക് വിധേയമായി, ഒരു കുടുംബകോടതിക്ക്,—

(ക) തൽസമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിൻ കീഴിൽ ഏതെങ്കിലും ജില്ലാക്കോടതിയോ ഏതെങ്കിലും കീഴ്സിവിൽ കോടതിയോ, വിശദീകരണത്തിൽ പരാമർശിക്കുന്ന സ്വഭാവത്തിലുള്ള വ്യവഹാരങ്ങളും നടപടികളും സംബന്ധിച്ച് പ്രയോഗിക്കാവുന്ന എല്ലാ അധികാരിതയും ഉണ്ടായിരിക്കുന്നതും പ്രയോഗിക്കാവുന്നതും;

(ഖ) അങ്ങനെയുള്ള നിയമത്തിൻകീഴിൽ അങ്ങനെയുള്ള അധികാരിത പ്രയോഗിക്കാവുന്ന ആവശ്യങ്ങൾക്ക്, ഒരു കുടുംബകോടതിയുടെ അധികാരിതയിൽപ്പെടുന്ന പ്രദേശം സംബന്ധിച്ച് ഒരു ജില്ലാക്കോടതിയോ, അതതു സംഗതിപോലെ, കീഴ്സിവിൽകോടതിയോ ആയി കരുതപ്പെടേണ്ടതും, ആണ്.

<u>വിശദീകരണം.</u>—ഈ ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള വ്യവഹാരങ്ങളും നടപടികളും താഴെപ്പറയുന്ന സ്വഭാവത്തിലുള്ള വ്യവഹാരങ്ങളും നടപടികളും ആകുന്നു, അതായത്:—

(ക) വിവാഹം അസാധുവാണെന്ന വിധിക്കോ (വിവാഹം അസാധുവാണെന്നു പ്രഖ്യാപിക്കുന്നതോ, അതതു സംഗതിപോലെ, വിവാഹം അസാധുവാക്കുന്നതോ) ദാമ്പത്യാവകാശങ്ങളുടെ പുനഃസ്ഥാപനത്തിനോ കോടതി മുഖേനയുള്ള വേർപെടുത്തലിനോ, വിവാഹ വിഘടനത്തിനോ വേണ്ടി ഒരു വിവാഹത്തിലെ കക്ഷികൾ തമ്മിലുള്ള വ്യവഹാരം അല്ലെങ്കിൽ നടപടി;

(ഖ) വിവാഹത്തിന്റെ സാധുതയോ ഏതെങ്കിലും ആളുടെ വൈവാഹിക പദവിയോ സംബന്ധിച്ചുള്ള പ്രഖ്യാപനത്തിനുവേണ്ടിയുള്ള ഒരു വ്യവഹാരം അല്ലെങ്കിൽ നടപടി;

(ഗ) വിവാഹത്തിലെ കക്ഷികൾ തമ്മിൽ, ആ കക്ഷികളുടെയോ ഇരുവരിൽ ആരുടെയെങ്കിലുമോ വസ്തു സംബന്ധിച്ച വ്യവഹാരം അല്ലെങ്കിൽ നടപടി;

(ഘ) വൈവാഹിക ബന്ധത്തിൽനിന്നും ഉളവാകുന്ന സാഹചര്യങ്ങളിൽ ഒരു ഇൻജംഗ്ഷനുത്തരവിനുവേണ്ടിയുള്ള വ്യവഹാരം അല്ലെങ്കിൽ നടപടി;

(ങ) ആരുടെയെങ്കിലും നിയമാനുസൃത പുത്രത്വം സംബന്ധിച്ച് ഒരു പ്രഖ്യാപനത്തിനുവേണ്ടിയുള്ള വ്യവഹാരം അല്ലെങ്കിൽ നടപടി;

(ച) സംരക്ഷണത്തിനുവേണ്ടിയുള്ള ഒരു വ്യവഹാരം അല്ലെങ്കിൽ നടപടി;

(ഛ) ഏതെങ്കിലും മൈനറായ ആളുടെ രക്ഷാകർത്തൃത്വമോ, സൂക്ഷിപ്പോ, പ്രാപ്യതയോ സംബന്ധിച്ചുള്ള വ്യവഹാരം അല്ലെങ്കിൽ നടപടി.

(2) ഈ ആക്റ്റിലെ മറ്റ് വ്യവസ്ഥകൾക്ക് വിധേയമായി, ഒരു കുടുംബകോടതിക്ക്,—

(ക) ക്രിമിനൽ നടപടി നിയമസംഹിത, 1973 (1974-ലെ 2)-ന്റെ IX-ാം അദ്ധ്യായത്തിൻകീഴിൽ (ഭാര്യയുടെയും കുട്ടികളുടെയും മാതാപിതാക്കൻമാരുടെയും സംരക്ഷണത്തിനുള്ള ഉത്തരവ് സംബന്ധിച്ചത്) ഒരു ഒന്നാം ക്ലാസ് മജിസ്ട്രേട്ടിന് പ്രയോഗിക്കാവുന്ന അധികാരിതയും;

(ഖ) മറ്റ് ഏതെങ്കിലും അധിനിയമം അതിന് നൽകുന്ന മറ്റ് അധികാരങ്ങളും, കൂടിയുണ്ടായിരിക്കുന്നതും അവ പ്രയോഗിക്കാവുന്നതുമാകുന്നു.

*അധികാരിത ഒഴിവാക്കലും നിലവിലിരിക്കുന്ന നടപടികളും*

8. ഏതെങ്കിലും പ്രദേശത്തേക്ക് ഒരു കുടുംബകോടതി സ്ഥാപിച്ചിട്ടുള്ളപ്പോൾ,—

(ക) അങ്ങനെയുള്ള പ്രദേശം സംബന്ധിച്ച്, 7-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിരിക്കുന്ന ഏതൊരു ജില്ലാകോടതിക്കും കീഴ്‌സിവിൽ കോടതിക്കും, ആ ഉപവകുപ്പിന്റെ വിശദീകരണത്തിൽ പരാമർശിക്കപ്പെട്ട സ്വഭാവത്തിലുള്ള ഏതു വ്യവഹാരവും നടപടിയും സംബന്ധിച്ച് യാതൊരു അധികാരിതയും ഉണ്ടായിരിക്കുന്നതോ പ്രയോഗിക്കാവുന്നതോ അല്ല;

(ഖ) അങ്ങനെയുള്ള പ്രദേശം സംബന്ധിച്ച് യാതൊരു മജിസ്ട്രേട്ടിനും ക്രിമിനൽ നടപടി നിയമസംഹിത, 1973 (1974-ലെ 2)-ന്റെ IX-ാം അദ്ധ്യായത്തിൻകീഴിലുള്ള യാതൊരു അധികാരിതയും അധികാരങ്ങളും ഉണ്ടായിരിക്കുന്നതോ പ്രയോഗിക്കാവുന്നതോ അല്ല;

(ഗ) (i) അങ്ങനെയുള്ള കുടുംബകോടതി സ്ഥാപിക്കുന്നതിന് തൊട്ടുമുമ്പ്, 7-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ പരാമർശിക്കപ്പെട്ടിട്ടുള്ള ഏതെങ്കിലും ജില്ലാ കോടതിയുടെയോ അല്ലെങ്കിൽ ആ ഉപവകുപ്പിൽ പരാമർശിക്കപ്പെട്ടിട്ടുള്ള കീഴ്‌കോടതിയുടെയോ അല്ലെങ്കിൽ, അതതു സംഗതി പോലെ, പ്രസ്തുത നിയമ സംഹിതയിൻകീഴിൽ ഏതെങ്കിലും മജിസ്ട്രേട്ടിന്റെയോ മുമ്പാകെ നിലവിലിരിക്കുന്നതും;

(ii) അങ്ങനെയുള്ള വ്യവഹാരം ബോധിപ്പിക്കുകയോ നടപടി എടുക്കുകയോ ചെയ്ത തീയതിക്ക് മുമ്പ് ഈ ആക്റ്റ് പ്രാബല്യത്തിൽ വരികയും കുടുംബകോടതി സ്ഥാപിക്കുകയും ചെയ്തിരുന്നുവെങ്കിൽ, അങ്ങനെയുള്ള കുടുംബകോടതി മുമ്പാകെ ബോധിപ്പിക്കുകയോ ആ കോടതി നടപടിക്കെടുക്കുകയോ ചെയ്യേണ്ടിയിരുന്നതും,

7-ാം വകുപ്പ് (1)-ാം ഉപവകുപ്പിന്റെ വിശദീകരണത്തിൽ പരാമർശിക്കപ്പെട്ട സ്വഭാവത്തിലുള്ളതുമായ ഏതൊരു വ്യവഹാരവും നടപടിയും, ക്രിമിനൽ നടപടി നിയമസംഹിത, 1973 (1974-ലെ 2)-ന്റെ IX-ാം അദ്ധ്യായത്തിൻ കീഴിലുള്ള ഏതൊരു നടപടിയും അങ്ങനെയുള്ള കുടുംബകോടതിയിലേക്ക് ആ കോടതി സ്ഥാപിക്കപ്പെട്ട തീയതിയിൽ മാറ്റം ചെയ്യപ്പെട്ട നിലയിലായിത്തീരുന്നതാണ്.

## അദ്ധ്യായം IV

## നടപടിക്രമം

*ഒത്തുതീർപ്പിനുവേണ്ടി യത്നിക്കാൻ കുടുംബ കോടതിക്കുള്ള ചുമതല*

9. (1) ഏതൊരു വ്യവഹാരത്തിലും നടപടിയിലും കുടുംബകോടതി, ആദ്യമായി, കേസിന്റെ സ്വഭാവത്തിനും സാഹചര്യങ്ങൾക്കും സംഗതമായി അപ്രകാരം ചെയ്യാൻ സാദ്ധ്യമാകുന്നിടത്ത്, വ്യവഹാരത്തിലെയോ നടപടിയിലെയോ വിഷയവസ്തു സംബന്ധിച്ച് ഒരു ഒത്തുതീർപ്പിലെത്തുന്നതിൽ കക്ഷികളെ സഹായിക്കുന്നതിനും പ്രേരിപ്പിക്കുന്നതിനുമുള്ള പരിശ്രമങ്ങൾ നടത്തേണ്ടതും ഈ ആവശ്യത്തിന്, കുംടുംബകോടതിക്ക് ഹൈക്കോടതി ഉണ്ടാക്കുന്ന ഏതെങ്കിലും ചട്ടങ്ങൾക്ക് വിധേയമായി, അത് യുക്തമെന്ന് കരുതുന്ന നടപടിക്രമം അനുവർത്തിക്കാവുന്നതുമാകുന്നു.

(2) ഏതെങ്കിലും വ്യവഹാരത്തിലോ നടപടിയിലോ, കുടുംബ കോടതിക്ക്, കക്ഷികൾ തമ്മിൽ ഒരു ഒത്തുതീർപ്പിന് ന്യായമായ സാദ്ധ്യത ഉണ്ടെന്ന് ഏതെങ്കിലും ഘട്ടത്തിൽ തോന്നുകയാണെങ്കിൽ, കുടുംബകോടതിക്ക്, അങ്ങനെയുള്ള ഒത്തുതീർപ്പ് നടപ്പിൽ വരുത്തുവാൻ പരിശ്രമിക്കുന്നത് സാദ്ധ്യമാക്കുന്നതിന് അത് യുക്തമെന്ന് കരുതുന്ന കാലത്തേക്ക് നടപടികൾ നീട്ടിവയ്ക്കാവുന്നതാണ്.

(3) (2)-ാം ഉപവകുപ്പ് നൽകുന്ന അധികാരം നടപടികൾ നീട്ടിവയ്ക്കുന്നതിന് കുടുംബകോടതിക്കുള്ള മറ്റേതെങ്കിലും അധികാരത്തിന് പുറമെയും അതിന് ന്യൂനത വരുത്താതെയുമായിരിക്കുന്നതാണ്.

*നടപടിക്രമം സാമാന്യമായി*

10. (1) ഈ ആക്റ്റിലെ മറ്റ് വ്യവസ്ഥകൾക്കും ചട്ടങ്ങൾക്കും വിധേയമായി, സിവിൽ നടപടി നിയമസംഹിത, 1908 (1908-ലെ 5)-ലെയും തൽസമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലെയും വ്യവസ്ഥകൾ ഒരു കുടുംബകോടതിയുടെ മുമ്പാകെയുള്ള വ്യവഹാരങ്ങൾക്കും നടപടികൾക്കും [ക്രിമിനൽ നടപടി നിയമസംഹിത, 1973 (1974-ലെ 2)-ന്റെ IX-ാം അദ്ധ്യായത്തിൻകീഴിലുള്ള നടപടികളൊഴികെയുള്ളവ] ബാധകമാകുന്നതും നിയമസംഹിതയിലെ മുൻപറഞ്ഞ വ്യവസ്ഥകളുടെ ആവശ്യങ്ങൾക്ക് ഒരു കുടുംബകോടതിയെ ഒരു സിവിൽ കോടതിയായി കണക്കാക്കേണ്ടതും അങ്ങനെയുള്ള കോടതിയുടെ എല്ലാ അധികാരങ്ങളും അതിനുണ്ടായിരിക്കുന്നതുമാകുന്നു.

(2) ഈ ആക്റ്റിലെ മറ്റ് വ്യവസ്ഥകൾക്കും ചട്ടങ്ങൾക്കും വിധേയമായി, ക്രിമിനൽ നടപടി നിയമസംഹിത, 1973 (1974-ലെ 2)-ലെ വ്യവസ്ഥകളോ അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളോ കുടുംബകോടതിയുടെ മുമ്പാകെ ആ നിയമസംഹിതയുടെ IX-ാം അദ്ധ്യായത്തിൻകീഴിലുള്ള നടപടികൾക്ക് ബാധകമാകുന്നതാണ്.

(3) (1)-ാം ഉപവകുപ്പിലെയോ (2)-ാം ഉപവകുപ്പിലെയോ യാതൊന്നുംതന്നെ, വ്യവഹാരത്തിലേയോ, നടപടികളിലേയോ വിഷയവസ്തു സംബന്ധിച്ച് ഒരു ഒത്തുതീർപ്പിലെത്തുകയോ, ഒരു കക്ഷി ആരോപിക്കുകയും മറ്റേ കക്ഷി നിഷേധിക്കുകയും ചെയ്ത കാര്യങ്ങളുടെ സത്യാവസ്ഥയിലെത്തുകയോ ചെയ്യുകയെന്ന ലക്ഷ്യത്തോടെ തനതായ നടപടിക്രമം നിശ്ചയിക്കുന്നതിന് ഒരു കുടുംബകോടതിക്ക് തടസ്സമാകുന്നതല്ല.

*നടപടികൾ സ്വകാര്യമായി നടത്തണമെന്ന്*

11. ഈ ആക്റ്റ് ബാധകമാകുന്ന ഏതൊരു വ്യവഹാരത്തിലും നടപടികളിലും, കുടുംബകോടതി അപ്രകാരം ആഗ്രഹിക്കുന്നപക്ഷം നടപടികൾ സ്വകാര്യമായി നടത്താവുന്നതും ഇരുകക്ഷികളിലാരെങ്കിലും ആഗ്രഹിക്കുന്നുവെങ്കിൽ അപ്രകാരം നടത്തേണ്ടതുമാകുന്നു.

12. ഒരു കുടുംബകോടതിക്ക്, ഈ ആക്റ്റിനാൽ ചുമത്തപ്പെട്ടിട്ടുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിൽ അതിനെ സഹായിക്കുന്ന ആവശ്യങ്ങൾക്കായി, കോടതി, ഏതൊരു വ്യവഹാരത്തിലും നടപടികളിലും യുക്തമെന്ന് അത് കരുതാവുന്ന ഒരു ചികിൽസാവിദഗ്ദ്ധന്റെയോ അതുപോലുള്ള ആളിന്റെയോ (ലഭ്യമെങ്കിൽ സ്ത്രീക്കായിരിക്കണം മുൻഗണന)—അയാൾ കക്ഷികളുമായി ബന്ധമുള്ളയാളാണെങ്കിലും അല്ലെങ്കിലും, കുടുംബക്ഷേമം അഭിവൃദ്ധിപ്പെടുത്തുന്നതിൽ തൊഴിൽപരമായി ഏർപ്പെട്ടിരിക്കുന്ന ഒരാളുടേതുൾപ്പെടെയുള്ളത്—സേവനങ്ങൾ സമാർജ്ജിക്കാവുന്നതാണ്.

*ചികിൽസാ വിദഗ്ദ്ധരുടെയും ക്ഷേമ വിദഗ്ദ്ധരുടെയും സഹായം*

13. ഏതു നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഒരു കുടുംബകോടതിയുടെ മുമ്പാകെയുള്ള ഒരു വ്യവഹാരത്തിലെയോ നടപടിയിലെയോ യാതൊരു കക്ഷിക്കും, അവകാശമെന്ന നിലയ്ക്ക്, ഒരു അഭിഭാഷകനാൽ പ്രതിനിധാനം ചെയ്യപ്പെടാൻ അവകാശമുണ്ടായിരിക്കുന്നതല്ല:

*നിയമപരമായ പ്രതിനിധാനത്തിനുള്ള അവകാശം*

എന്നാൽ, നീതിയുടെ താല്പര്യത്തിന് ആവശ്യമെന്ന് കുടുംബകോടതി കരുതുന്നപക്ഷം അതിന് അമിക്കസ്ക്യൂറേ എന്ന നിലയ്ക്ക് ഒരു നിയമ വിദഗ്ദ്ധന്റെ സഹായം തേടാവുന്നതാണ്.

14. ഒരു കുടുംബകോടതിക്ക്, അതിന്റെ അഭിപ്രായത്തിൽ, ഒരു തർക്കം ഫലപ്രദമായി കൈകാര്യം ചെയ്യുവാൻ അതിനെ സഹായിച്ചേക്കാവുന്ന ഏതു കാര്യവും സംബന്ധിച്ച റിപ്പോർട്ടും സ്റ്റേറ്റ്മെന്റും രേഖയും വിവരവും സംഗതിയും അത് ഇൻഡ്യൻ തെളിവ് ആക്റ്റ്, 1872 (1872-ലെ 1)-ന്റെ കീഴിൽ മറ്റു വിധത്തിൽ പ്രസക്തമോ സ്വീകാര്യമോ ആയിരുന്നാലും അല്ലെങ്കിലും, തെളിവായി സ്വീകരിക്കാവുന്നതാണ്.

*ഇൻഡ്യൻ തെളിവ് ആക്റ്റ്, 1872-ന്റെ ബാധകത*

15. ഒരു കുടുംബകോടതിയുടെ മുമ്പാകെയുള്ള വ്യവഹാരങ്ങളിലോ നടപടികളിലോ, സാക്ഷികളുടെ തെളിവ് വിശദമായി രേഖപ്പെടുത്തേണ്ടതില്ല, എങ്കിലും ജഡ്ജി, ഓരോ സാക്ഷിയുടെയും വിസ്താരം തുടർന്നുകൊണ്ടിരിക്കുമ്പോൾ സാക്ഷി നൽകുന്ന മൊഴിയുടെ സാരാംശത്തിന്റെ ഒരു മെമ്മോറാണ്ടം രേഖപ്പെടുത്തുകയോ രേഖപ്പെടുത്തുവാൻ ഇടയാക്കുകയോ ചെയ്യേണ്ടതും അങ്ങനെയുള്ള മൊമ്മോറാണ്ടത്തിൽ സാക്ഷിയും ജഡ്ജിയും ഒപ്പുവയ്ക്കേണ്ടതും അത് റിക്കാർഡിന്റെ ഭാഗമായിരിക്കുന്നതും ആകുന്നു.

*വാക്കാൽ തെളിവ് രേഖപ്പെടുത്തുന്നത്*

16. (1) ഏതൊരാളിന്റേയും തെളിവ്, അങ്ങനെയുള്ള തെളിവ് ഔപചാരിക സ്വഭാവത്തിലുള്ളതാണെങ്കിൽ, സത്യവാങ്മൂലമായി നൽകാവുന്നതും ന്യായമായ എല്ലാ അപവാദങ്ങൾക്കും വിധേയമായി ഒരു കുടുംബകോടതിയുടെ മുമ്പാകെയുള്ള ഏതു വ്യവഹാരത്തിലും നടപടിയിലും അത് തെളിവായി കണക്കാക്കാവുന്നതുമാണ്.

*സത്യവാങ്മൂലമായി ഔപചാരിക സ്വഭാവമുള്ള തെളിവ്*

(2) ഒരു കുടുംബകോടതിക്ക്, അതിന് യുക്തമെന്നു തോന്നുന്നപക്ഷം, അങ്ങനെയുള്ള ഏതൊരാളെയും സമൺചെയ്ത് അയാളുടെ സത്യവാങ്മൂലത്തിൽ അടങ്ങിയിട്ടുള്ള കാര്യങ്ങൾ സംബന്ധിച്ച് അയാളെ വിസ്തരിക്കാവുന്നതും വ്യവഹാരത്തിലെയോ നടപടിയിലെയോ കക്ഷികളിൽ ആരെങ്കിലും അപേക്ഷിച്ചിട്ടുണ്ടെങ്കിൽ അങ്ങനെ സമൺചെയ്ത് വിസ്തരിക്കേണ്ടതുമാണ്.

17. ഒരു കുടുംബകോടതിയുടെ വിധിന്യായത്തിൽ കേസിനെക്കുറിച്ചുള്ള ഒരു സംക്ഷിപ്ത പ്രസ്താവനയും, തീർപ്പിനുള്ള പ്രശ്നവും അതിൻമേലുള്ള തീരുമാനവും അങ്ങനെയുള്ള തീരുമാനത്തിനുള്ള കാരണങ്ങളും അടങ്ങിയിരിക്കേണ്ടതാണ്.

*വിധിന്യായം*

വിധിയുടെയും ഉത്തരവുകളുടെയും നടപ്പാക്കൽ

18. (1) ഒരു കുടുംബകോടതി പാസ്സാക്കിയ ഒരു വിധിക്കോ ഉത്തരവിനോ [ക്രിമിനൽ നടപടി നിയമസംഹിത, 1973 (1974-ലെ 2)-ന്റെ IX-ാം അദ്ധ്യായത്തിൻകീഴിലുള്ള ഒരു ഉത്തരവല്ലാത്തത്] ഒരു സിവിൽ കോടതിയുടെ വിധിക്കോ ഉത്തരവിനോ ഉള്ള പ്രാബല്യവും പ്രഭാവവും ഉണ്ടായിരിക്കുന്നതും, വിധികളുടെയും ഉത്തരവുകളുടെയും നടപ്പാക്കലിന് സിവിൽ നടപടി നിയമസംഹിത, 1908 (1908-ലെ 5) നിർണ്ണയിക്കുന്ന രീതിയിൽ തന്നെ അത് നടപ്പാക്കേണ്ടതുമാകുന്നു.

(2) കുടുംബകോടതി, ക്രിമിനൽ നടപടി നിയമസംഹിത, 1973 (1974-ലെ 2)-ന്റെ IX-ാം അദ്ധ്യായത്തിൻകീഴിൽ പാസ്സാക്കിയ ഒരു ഉത്തരവ്, പ്രസ്തുത നിയമസംഹിതയിൽ അങ്ങനെയുള്ള ഉത്തരവിന്റെ നടത്തിപ്പിന് നിർണ്ണയിച്ചിട്ടുള്ള രീതിയിൽ നടപ്പാക്കേണ്ടതാണ്.

(3) ഒരു വിധിയോ ഉത്തരവോ അതു പാസ്സാക്കിയ കുടുംബ കോടതിയോ അതിന്റെ നടപ്പാക്കലിനുവേണ്ടി മറ്റേത് കുടുംബകോടതിയിലേക്കോ സാധാരണ സിവിൽ കോടതിയിലേക്കോ ആണ് അത് അയച്ചു കൊടുത്തിട്ടുള്ളത്, ആ കോടതിയോ നടപ്പാക്കാവുന്നതാണ്.

## അദ്ധ്യായം V

## [1][അപ്പീലുകളും റിവിഷനുകളും]

അപ്പീൽ

19. (1) (2)-ാം ഉപവകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുള്ളവിധമൊഴികെയും സിവിൽ നടപടി നിയമസംഹിത, 1908 (1908-ലെ 5)-ലോ ക്രിമിനൽ നടപടി നിയമസംഹിത, 1973 (1974-ലെ 2)-ലോ മറ്റേതെങ്കിലും നിയമത്തിലോ എന്തു തന്നെ അടങ്ങിയിരുന്നാലും, കുടുംബകോടതിയുടെ ഒരു ഇടക്കാല ഉത്തരവ് അല്ലാതെയുള്ള ഏതൊരു വിധിന്യായത്തിലും അല്ലെങ്കിൽ ഉത്തരവിലും നിന്നും വസ്തുതാപരമോ നിയമപരമോ ആയ കാര്യം സംബന്ധിച്ച് ഹൈക്കോടതിയിലേക്ക് അപ്പീലുണ്ടായിരിക്കുന്നതാണ്.

[2][(2) കക്ഷികളുടെ സമ്മതത്തോടുകൂടി കുടുംബകോടതി പാസ്സാക്കിയ വിധിയിലോ ഉത്തരവിലോ അല്ലെങ്കിൽ ക്രിമിനൽ നടപടി നിയമസംഹിത, 1973 (1974-ലെ 2)-ന്റെ IX-ാം അദ്ധ്യായത്തിൻകീഴിൽ പാസ്സാക്കിയ ഒരുത്തരവിലോ നിന്ന്] യാതൊരപ്പീലും ഉണ്ടായിരിക്കുന്നതല്ല:

[3][എന്നാൽ, കുടുംബകോടതി (ഭേദഗതി) ആക്റ്റ്, 1991 (1991-ലെ 59) പ്രാബല്യത്തിൽ വരുന്നതിനുമുമ്പ് തീർപ്പാകാതെ ഹൈക്കോടതിയിൽ നിലവിലുള്ള ഏതെങ്കിലും അപ്പീൽ അല്ലെങ്കിൽ ക്രിമിനൽ നടപടി നിയമസംഹിത, 1973 (1974-ലെ 2)-ന്റെ IX-ാം അദ്ധ്യായത്തിൻകീഴിലുള്ള ഏതെങ്കിലും ഉത്തരവ് സംബന്ധിച്ച് ഈ ഉപവകുപ്പിൽ അടങ്ങിയിട്ടുള്ള യാതൊന്നും ബാധകമാകുന്നതല്ല.]

(3) ഈ വകുപ്പിൻകീഴിലുള്ള ഏതൊരപ്പീലും കുടുംബകോടതിയുടെ വിധിന്യായത്തിന്റെയോ ഉത്തരവിന്റെയോ തീയതി മുതൽ മുപ്പതു ദിവസക്കാലയളവിനുള്ളിൽ ബോധിപ്പിക്കേണ്ടതാണ്.

[4][(4) ഹൈക്കോടതിക്ക്, സ്വന്തം ഇഷ്ടപ്രകാരമോ അല്ലാതെയോ അതിന്റെ അധികാരിതയ്ക്കുള്ളിൽ സ്ഥിതി ചെയ്യുന്ന കുടുംബകോടതി, ക്രിമിനൽ നടപടി നിയമസംഹിത, 1973 (1974-ലെ 2)-ന്റെ IX-ാം അദ്ധ്യായത്തിൻകീഴിൽ പാസ്സാക്കിയ ഇടക്കാല ഉത്തരവല്ലാത്ത ഏതെങ്കിലും

1, 2, 3. കുടുംബകോടതി (ഭേദഗതി) ആക്റ്റ്, 1991 (1991-ലെ 59) 2-ാം വകുപ്പിനാൽ (28-12-1991 മുതൽ പ്രാബല്യത്തോടെ) പകരം ചേർത്തു.

4. ടി 2-ാം വകുപ്പിനാൽ അക്കം പുനഃക്രമീകരിച്ചു (28-12-1991 മുതൽ പ്രാബല്യത്തോടെ).

ഉത്തരവിന്റെ കൃത്യത, നിയമ സാധുത, ഔചിത്യം എന്നിവയും അങ്ങനെയുള്ള നടപടിയുടെ ക്രമവും സ്വയം ബോദ്ധ്യം വരുത്തുന്ന ആവശ്യത്തിന്, ഏതൊരു നടപടിയുടെയും റിക്കാർഡുകൾ ഹാജരാക്കുവാൻ ആ കോടതിയോട് ആവശ്യപ്പെടുകയും അവ പരിശോധിക്കുകയും ചെയ്യാവുന്നതാണ്.]

(5) മുൻപറഞ്ഞ പ്രകാരമൊഴികെ, ഒരു കുടുംബകോടതിയുടെ ഏതു വിധിന്യായത്തിലോ ഉത്തരവിലോ അല്ലെങ്കിൽ വിധിയിലോ നിന്നും ഏതെങ്കിലും കോടതിയിലേക്ക്, യാതൊരു അപ്പീലും റിവിഷനും ഉണ്ടായിരിക്കുന്നതല്ല.

(6) (1)-ാം ഉപവകുപ്പിൻകീഴിൽ ബോധിപ്പിച്ച ഒരു അപ്പീൽ രണ്ടോ അതിലധികമോ ജഡ്ജിമാർ അടങ്ങുന്ന ഒരു ബെഞ്ച് കേൾക്കേണ്ടതാണ്.

## അദ്ധ്യായം VI

## പലവക

ആക്റ്റിന് അധികപ്രഭാവമുണ്ടായിരിക്കുന്നതാണ്

20. തൽസമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലോ അല്ലെങ്കിൽ ഈ ആക്റ്റല്ലാത്ത ഏതെങ്കിലും നിയമത്തിന്റെ ബലത്തിൽ പ്രഭാവമുള്ള ഏതെങ്കിലും പ്രമാണത്തിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് പ്രഭാവമുണ്ടായിരിക്കുന്നതാണ്.

ചട്ടങ്ങളുണ്ടാക്കുവാൻ ഹൈക്കോടതിക്കുള്ള അധികാരം

21. (1) ഈ ആക്റ്റിലെ ഉദ്ദേശ്യങ്ങൾ നടപ്പാക്കുന്നതിന് ആവശ്യമെന്ന് ഹൈക്കോടതി കരുതുന്ന ചട്ടങ്ങൾ അതിന് ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനംവഴി ഉണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ചും, മുൻപറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്ക് ഭംഗംവരാതെയും അങ്ങനെയുള്ള ചട്ടങ്ങൾ താഴെപ്പറയുന്ന വിഷയങ്ങളിൽ എല്ലാത്തിനുമോ ഏതിനെങ്കിലുമോ വ്യവസ്ഥ ചെയ്യാവുന്നതാണ്, അതായത്:—

(ക) കുടുംബകോടതിയുടെ സാധാരണ പ്രവർത്തന സമയവും അവധി ദിവസങ്ങളിലും സാധാരണ പ്രവർത്തന സമയത്തിന് പുറമേയും കുടുംബകോടതികളുടെ ഉപവേശനം നടത്തുന്നതും;

(ഖ) കുടുംബകോടതികളുടെ സാധാരണ ഉപവേശന സ്ഥലങ്ങളല്ലാത്ത സ്ഥലങ്ങളിൽ അവയുടെ ഉപവേശനങ്ങൾ നടത്തുന്നതും;

(ഗ) ഒത്തുതീർപ്പിൽ എത്തിച്ചേരുന്നതിന് കക്ഷികളെ സഹായിക്കുന്നതിനും പ്രേരിപ്പിക്കുന്നതിനും കുടുംബകോടതി നടത്താവുന്ന പരിശ്രമങ്ങളും അനുവർത്തിക്കേണ്ട നടപടിക്രമവും.

ചട്ടങ്ങളുണ്ടാക്കുവാൻ കേന്ദ്ര സർക്കാരിനുള്ള അധികാരം

22. (1) കേന്ദ്ര സർക്കാരിന്, ഒരു ജഡ്ജിയുടെ നിയമനത്തിന് 4-ാം വകുപ്പ്, (3)-ാം ഉപവകുപ്പ്, (ഗ) ഖണ്ഡത്തിൽ പരാമർശിക്കുന്ന മറ്റ് യോഗ്യതകൾ നിർണ്ണയിക്കുന്ന ചട്ടങ്ങൾ, ഭാരതത്തിന്റെ ചീഫ് ജസ്റ്റിസിന്റെ യോജിപ്പോടുകൂടി, വിജ്ഞാപനംവഴി, ഉണ്ടാക്കാവുന്നതാണ്.

(2) ഈ ആക്റ്റിൻകീഴിൽ കേന്ദ്രസർക്കാർ ഉണ്ടാക്കുന്ന ഏതൊരു ചട്ടവും, അതുണ്ടാക്കിയതിനുശേഷം ആകുന്നത്ര വേഗത്തിൽ, പാർലമെന്റ് സമ്മേളനത്തിലിരിക്കുമ്പോൾ, അതിന്റെ ഓരോ സഭയുടെയും മുമ്പാകെ, ഒരു സമ്മേളനത്തിലോ, തുടർച്ചയായുള്ള രണ്ടോ അതിലധികമോ സമ്മേളനങ്ങളിലോ ആയി, ആകെ മുപ്പതുദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും,

മുൻപറഞ്ഞ സമ്മേളനത്തിനോ തുടർച്ചയായുള്ള സമ്മേളനങ്ങൾക്കോ തൊട്ടടുത്തുവരുന്ന സമ്മേളനം അവസാനിക്കുന്നതിനുമുമ്പ്, ഇരുസഭകളും ആ ചട്ടത്തിൽ എന്തെങ്കിലും രൂപഭേദം വരുത്തുന്നതിൽ യോജിക്കുകയോ, അല്ലെങ്കിൽ ഇരുസഭകളും ആ ചട്ടം ഉണ്ടാക്കരുതെന്നതിൽ യോജിക്കുകയോ ചെയ്യുന്നുവെങ്കിൽ, അതിനുശേഷം ആ ചട്ടത്തിന്, അതതു സംഗതിപോലെ, അങ്ങനെ രൂപഭേദപ്പെടുത്തിയ രൂപത്തിൽമാത്രം പ്രഭാവമുണ്ടായിരിക്കുകയോ അല്ലെങ്കിൽ പ്രഭാവമില്ലാതിരിക്കുകയോ ചെയ്യുന്നതുമാകുന്നു; എന്നാൽ അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ പ്രഭാവശൂന്യമാക്കലോ ആ ചട്ടത്തിൻകീഴിൽ മുമ്പ് ചെയ്യപ്പെട്ടിട്ടുള്ള എന്തിന്റെയെങ്കിലും സാധുതയ്ക്ക് ഭംഗം വരാത്തവിധത്തിലായിരിക്കുന്നതാണ്.

*ചട്ടങ്ങളുണ്ടാക്കുവാൻ സംസ്ഥാന സർക്കാരിനുള്ള അധികാരം*

23. (1) സംസ്ഥാന സർക്കാരിന്, ഈ ആക്റ്റിന്റെ ഉദ്ദേശ്യങ്ങൾ നടപ്പാക്കുന്നതിന്, ഹൈക്കോടതിയുമായി ആലോചിച്ചശേഷം, വിജ്ഞാപനം വഴി, ചട്ടങ്ങളുണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ചും, (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകളുടെ സാമാന്യതയ്ക്ക് ഭംഗം വരാതെയും, അങ്ങനെയുള്ള ചട്ടങ്ങൾക്ക്, താഴെ പറയുന്ന വിഷയങ്ങളിലെല്ലാത്തിനുമോ ഏതിനെങ്കിലുമോ വ്യവസ്ഥ ചെയ്യാവുന്നതാണ്, അതായത്:—

(ക) 4-ാം വകുപ്പ്, (6)-ാം ഉപവകുപ്പിൻകീഴിൽ ജഡ്ജിമാർക്ക് നൽകേണ്ട ശമ്പളവും അല്ലെങ്കിൽ ഓണറേറിയവും മറ്റു ബത്തകളും ഇതര നിബന്ധനകളും വ്യവസ്ഥകളും;

(ഖ) 6-ാം വകുപ്പിൽ പരാമർശിച്ചിട്ടുള്ള, ഉപദേഷ്ടാക്കളെ കൂട്ടുചേർക്കുന്നതിനുള്ള നിബന്ധനകളും ഉപാധികളും, ഓഫീസർമാരുടെയും മറ്റു ജീവനക്കാരുടെയും സേവനം സംബന്ധിച്ച നിബന്ധനകളും ഉപാധികളും;

(ഗ) 12-ാം വകുപ്പിൽ പരാമർശിച്ചിട്ടുള്ള ചികിത്സാ വിദഗ്ദ്ധരുടെയും മറ്റു വിദഗ്ദ്ധരുടെയും മറ്റാളുകളുടെയും ഫീസും ചെലവുകളും (യാത്രാചെലവുകൾ ഉൾപ്പെടെ) സംസ്ഥാന സർക്കാരിന്റെ റവന്യൂവിൽനിന്ന് നൽകുന്നതും അങ്ങനെയുള്ള ഫീസുകളുടെയും ചെലവുകളുടെയും തോതുകളും;

(ഘ) 13-ാം വകുപ്പിൻകീഴിൽ 'അമിക്കസ്ക്യൂറേ' ആയി നിയമിക്കപ്പെടുന്ന അഭിഭാഷകരുടെ ഫീസുകളുടെയും ചെലവുകളുടെയും സംസ്ഥാന സർക്കാരിന്റെ റവന്യൂവിൽ നിന്നുള്ള നൽകലും അങ്ങനെയുള്ള ഫീസുകളുടെയും ചെലവുകളുടെയും തോതുകളും;

(ങ) ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെടേണ്ടതോ നിർണ്ണയിക്കപ്പെടാവുന്നതോ വ്യവസ്ഥചെയ്യപ്പെടേണ്ടതോ വ്യവസ്ഥ ചെയ്യാവുന്നതോ ആയ മറ്റ് വിഷയങ്ങൾ.

(3) ഈ ആക്റ്റിൻകീഴിൽ ഒരു സംസ്ഥാന സർക്കാർ ഉണ്ടാക്കുന്ന ഏതൊരു ചട്ടവും, അതുണ്ടാക്കിയതിനുശേഷം ആകുന്നത്ര വേഗത്തിൽ, സംസ്ഥാന നിയമനിർമ്മാണ മണ്ഡലത്തിന് മുമ്പാകെ വയ്ക്കേണ്ടതാണ്.

# THE FAMILY COURTS ACT, 1984
(Act No. 66 of 1984)

# കുടുംബകോടതികൾ ആക്റ്റ്, 1984
(1984-ലെ 66-ാം നമ്പർ ആക്റ്റ്)

## GLOSSARY

| | | | |
|---|---|---|---|
| 1. | Judicial Separation | S.7(1)Expl. (a) | കോടതി മുഖേനയുള്ള വേർപെടുത്തൽ |
| 2. | Legal Representation | S.13 Marginal Heading | നിയമാനുസൃത പ്രതിനിധാനം |
| 3. | Marital relationship | S.7(1)Expl. (d) | വൈവാഹിക ബന്ധം |
| 4. | Matrimonial Status | S.7(1)Expl. (b) | വൈവാഹിക പദവി |